നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

8. <u>വിജ്ഞാനവ്യാപനം (Extension and Mass Communication)</u>

പരമ്പരാഗത മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ വരുമാനവർദ്ധനവിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ശേഷിവർദ്ധനാ പരിപാടികളും ബോധവൽക്കരണപരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. സഹകരണസംഘങ്ങളിലെ പ്രവർത്തകർക്കും ഫെഡറേഷനിലെ ജീവനക്കാർക്കുമായി വിവിധ പരിശീലനപരിപാടികളും സംഘടിപ്പിക്കുന്നു. മത്സ്യഫെഡിന്റെ നിലവിലുള്ള ഗുണഭോക്താക്കൾക്കും, ഭാവിഗുണഭോക്താക്കൾക്കും, സഹകരണചട്ടക്കൂടിലെ തങ്ങളുടെ ഉത്തരവാദിത്വങ്ങളെ കുറിച്ചും വായ്പകളുടെ കാര്യത്തിലായാലും, കുടുംബകാര്യങ്ങളിൽ ആയാലും സാമ്പത്തിക അച്ചടക്കം പാലിക്കേതിന്റെ ആവശ്യകതയെ കുറിച്ചും അവബോധമുാക്കുന്നതിനായി ബോധവൽക്കരണപരിപാടികൾ നടത്തിവരുന്നു. സ്വയംസഹായസംഘങ്ങളിലെ അംഗങ്ങളെ, സമ്പാദ്യശീലത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, ലഘുസമ്പാദ്യങ്ങളും അവ ഉപയോഗിച്ചുള്ള വായ്പകളും കൈകാര്യം ചെയ്യുന്നതിനും, അതുവഴി സമൂഹത്തിന്റെ ആകെ സാംസ്കാരിക പുരോഗതിയിലേക്കു നയിക്കുന്നതിന് സജ്ജരാക്കുന്ന പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നു. മത്സ്യബന്ധനമേഖലയിലെ നൂതനസാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികൾ മെച്ചപ്പെട്ട മത്സ്യബന്ധനരീതികളിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടു ണ്ട്.

a .<u>മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ്</u>

അപകടസാദ്ധ്യത ഏറെയുള്ള മത്സ്യബന്ധനം ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾക്കായി, ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി അപകടം മൂലം മരണമടയുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യമായി 1002500 യും മരണപ്പെട്ടയാളുടെ 2 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 5000 രൂപാ വീതവും നൽകുന്നു.

b. <u>മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>

ഫെഡറേഷന്റെ ലാഭവിഭജനത്തിലൂടെ സമാഹരിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച്, മത്സ്യബന്ധനസമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോ മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായവും മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കുമുള്ള ചികിത്സാസഹായവും നൽകിവരുന്നു. മത്സ്യഫെഡിലെ ജീവനക്കാർക്കായുള്ള മെഡിക്ലെയിം പദ്ധ

തിയും ഈ വിഭാഗത്തിന്റെ ചുമതലയിലാണ്. ഇൻഷ്വറൻസ് കമ്പനികൾ അംഗീകരിച്ചിട്ടുള്ള ആശുപത്രികളിൽ പണം നൽകാതെ തന്നെ ചികിത്സ നേടാൻ ഈ പദ്ധതി സഹായിക്കുന്നു.

**c. മികവ്**

വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളിമേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി, "പത്താംക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ, ബിരുദാനന്തരബിരുദം വരെ ഉന്നതവിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡുകൾ നൽകിവരുന്നു. പ്രാഥമികസംഘങ്ങളുടേയും മത്സ്യബന്ധന ഗ്രൂപ്പുകളുടേയും സ്വയംസഹായ സംഘങ്ങളുടേയും മികച്ച പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് അവരെയും മികവിന്റെ അവാർഡുകൾ നൽകി ആദരിക്കുന്നു.

സർക്കാരുകളും മറ്റ് സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും മേളകളിലും മത്സ്യഫെഡ് പങ്കെടുക്കുന്നു. ഇങ്ങനെ പങ്കെടുക്കുന്നതിന്റെ ഫലമായി, മത്സ്യബന്ധനോപാധികൾ, മത്സ്യവളം, അച്ചാറുകളും കറി മിക്സുകളും കട്ലെറ്റും കൈറ്റോൺ ഗുളികകളും ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൊതുജനങ്ങളിലെത്തിക്കാൻ കഴിയുന്നു.

ചുരുക്കത്തിൽ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പുരോഗതിക്കായി, അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ കറിഞ്ഞ്, വിവിധ ബോധവൽക്കരണപരിപാടികളിലൂടെയും ആശയവിനിമയപരിപാടികളിലൂടെയും ഇടപെട്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്താൻ പ്രയത്നിക്കുന്നു.

സെക്ഷൻ ഓഫീസർ